(ബി) തീരെ ശുദ്ധജലം ലഭ്യമാകാത്ത പ്രസ്തുത കടലോര പ്രദേശത്ത് ശുദ്ധജലം മുടക്കാതെ നല്കുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(സി) മൽസ്യത്തൊഴിലാളി-ഹരിജൻ മണ്ഡലമായ പ്രസ്തുത പ്രദേശത്ത് ശുദ്ധജലവിതരണസംബന്ധമായ പരിഹരിക്കുന്നതിന് അടിയന്തിര പരിഹാരം കാണാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ചെല്ലാനം പഞ്ചായത്തിൽ 1 മുതൽ 3 വാർഡുവരെ ശുദ്ധജല വിതരണം ഭാഗികമായി നടക്കില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ലോക ബാങ്കിന്റെ സഹായത്തോടെയുള്ള ഗ്രാമർ സപ്ലൈ സ്കീമിന്റെ പണി പൂർത്തിയാകുന്നതോടുകൂടി ഈ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം പൂർണ്ണമായും പരിഹരിക്കുന്നതാണ്. ഈ പദ്ധതി 1991-ാമാണ്ടോടുകൂടി പൂർത്തീകരിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

മീനച്ചലാറിന്റെ കിടങ്ങൂർ ഭാഗത്തെ തീരഭാഗങ്ങൾ സംരക്ഷിക്കാൻ നടപടി

902 [1337] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടങ്ങൂർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന മീനച്ചലാറിന്റെ തീരഭാഗങ്ങൾ ഇടിഞ്ഞ് കരഭാഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിവരം പലതവണ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും സംരക്ഷിക്കാൻ നടപടികളൊന്നും എടുക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) കിടങ്ങൂർ ക്ഷേത്രഭാഗവും കടച്ചിറ ഭാഗവും കരിങ്കൽ ഭിത്തി കെട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ പഞ്ചായത്തിലെ മൂന്നു പണികൾക്ക് 1986-87-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈപണികൾക്കുള്ള എസ്റ്റിമേറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ഈ രണ്ട് ഭാഗങ്ങളും കരിങ്കൽഭിത്തി കെട്ടുന്നതിന് ഇപ്പോൾ പദ്ധതികൾ ഒന്നുമില്ല. കൂടുതൽ പണം ലഭ്യമാകുന്ന മുറയ്ക്ക് ഇവ ഏറ്റെടുക്കുന്നതാണ്.

മീനച്ചലാറിന്റെ കര കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

903. [1338] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചലാറിന്റെ ഇടതുവശം (അയർക്കുന്നം പഞ്ചായത്ത് ഏരിയ) കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ലക്ഷം രൂപയുടെ പണി പൂർത്തിയായി എന്നും ഏതെല്ലാം പണികൾ നടന്നുകൊണ്ടിരിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഇനിയും ശേഷിക്കുന്ന പണികൾ അടിയന്തിരമായി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവിധ ഭാഗങ്ങളിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന നിവേദനങ്ങൾ അനുസരിച്ചുള്ള പണികൾ പണത്തിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുത്തു കൊണ്ടിരിക്കുന്നു.

(ബി) 1985-86-ൽ ഏകദേശം 10 ലക്ഷം രൂപയുടെ പണി പൂർത്തിയായിട്ടുണ്ട്. കടപ്പട്ടൂർ ക്ഷേത്രത്തിന്റെ ഭാഗത്തും പൂവത്തുംമുട്ടിലും വൈലപ്പള്ളി കടവിലും സംരക്ഷണപണികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) ശേഷിക്കുന്ന പണികൾ പണത്തിന്റെ ലഭ്യത അനുസരിച്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോട്ടൂർ ആർ കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ

904. [1339] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളും കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ എന്തായി എന്നു വ്യക്തമാക്കാമോ ;

(ബി) ഇനിയും ഏറ്റെടുത്തു നടത്തേണ്ട വർക്കുകൾ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളുടെ മുഴുവൻ ഭാഗങ്ങളും കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഇല്ല. എന്നാൽ ഏതാനും ഭാഗങ്ങളിൽ സംരക്ഷണപണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ പണികൾ മുൻഗണനാടിസ്ഥാനത്തിലും പണത്തിന്റെ ലഭ്യതയനുസരിച്ചും ഏറ്റെടുത്തു നടത്തുന്നതാണ്.

ചങ്ങലപ്പാലം ബണ്ടിന്റെ നിർമ്മാണം

905. [1340] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളക്കുളം പഞ്ചായത്തിലെ നെൽക്കൃഷിക്കു പ്രയോജനപ്രദമായ ചങ്ങലപ്പാലം ബണ്ടിന്റെ നിർമ്മാണ നടപടി ആരംഭിക്കാത്തതിന്റെ കാരണമെന്ത് ;

(ബി) പ്രസ്തുത ബണ്ടിന്റെ പണി ഉടനെ തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മുളക്കുളം (സൗത്ത്) കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായോ ; ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly